**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1665** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ സമൂലമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയമിച്ച ഡോ.ശ്യാം ബി. മേനോൻ ചെയർമാനായുള്ള കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതുവരെയാണ് കമ്മീഷന്റെ കാലാവധി നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കമ്മീഷൻ ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 20.06.2022 വരെയാണ് കമ്മീഷന് നിലവിൽ അനുവദിച്ചിരുന്ന കാലാവധി. കാലാവധി നീട്ടി നൽകുന്നതിനായി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി ഈ വർഷത്തെ ബജറ്റിൽ എന്തൊക്കെ പ്രഖ്യാപനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ? | (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി ഈ വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രഖ്യാപനങ്ങൾ ചുവടെ ചേർക്കുന്നു:<br>1. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വകലാശാല ക്യാമ്പസുകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളുടെ വികസനവും ഈ സെന്ററുകളോട് ചേർന്ന സ്റ്റാർട്ട് അപ്പ്, ഇൻകുബേഷൻ സെന്ററുകളും സജ്ജമാക്കൽ.<br>2. ഓരോ യൂണിവേഴ്സിറ്റിയിലും മൂന്ന് പ്രോജക്ടുകൾ വീതം സർവ്വകലാശാല ക്യാമ്പസുകളിൽ പുതിയ ഹ്രസ്വകാല കോഴ്സുകളുടെയും പി.ജി.കോഴ്സുകളുടെയും പ്രത്യേകമായ പദ്ധതികൾ.<br>3. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.<br>4. കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പുതിയ ഹോസ്റ്റൽ മുറികളുടെയും ഇന്റർനാഷണൽ ഹോസ്റ്റലുകളുടെയും നിർമ്മാണം.<br>5. എഞ്ചിനീയറിംഗ് കോളേജുകൾ, പോളി ടെക്നിക്കുകൾ, ഐ.ടി.ഐ.കൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് ആധുനിക സാങ്കേതിക സൗകര്യങ്ങളുള്ള ചെറിയ |

| | | | | |
|---|---|---|---|---|
| | | | | വ്യവസായ യൂണിറ്റുകളുടെയും സ്റ്റാർട്ട് അപ്പുകളുടെയും സജ്ജീകരണം.<br>6. വിജ്ഞാന സമ്പദ്ഘടനയുടെയും നൈപുണ്യ വികസനത്തിന്റെയും ഭാഗമായി കിഫ്ബി ഫണ്ടുപയോഗിച്ചുള്ള സ്കിൽ ഇൻഫ്രാസ്ട്രക്ചർ ഇക്കോ സിസ്റ്റം, ജില്ലാ സ്കിൽ പാർക്കുകൾ എന്നിവയുടെ സ്ഥാപനം.<br>7. കിഫ്ബി ഫണ്ടുപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കൽ.<br>8. ഹരിത കാമ്പസ് പദ്ധതി.<br>9. അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിപുലീകരണം.<br>10. അസാപ്പ് സ്കിൽ പാർക്കുകളിൽ ഓഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി ലാബുകളുടെ വികസനം.<br>11. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയുടെ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.<br>12. കോട്ടയത്തെ സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണം.<br>13. കേരള സർവ്വകലാശാലയിൽ ലാറ്റിനമേരിക്കൻ പഠന കേന്ദ്രം.<br>14. കേരള സർവ്വകലാശാലയിൽ ജിനോമിക്സ് ഡേറ്റാ സെന്റർ.<br>15. മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽ എന്നിവയ്ക്ക് മികവിന്റെ കേന്ദ്രങ്ങൾ.<br>16. കണ്ണൂരിലെ പിണറായിയിൽ വിദ്യാഭ്യാസ കേന്ദ്രം. |

സെക്ഷൻ ഓഫീസർ